**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6590** **11-11-2021 - ൽ മറുപടിയ്ക്ക്**

**സ്വകാര്യ ട്യൂഷനെടുക്കുന്ന കോളേജ് അധ്യാപകർക്കെതിരെ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ ,<br>ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ശ്രീ. അബ്ദുൽ ഹമീദ് പി,<br>ശ്രീ . മഞ്ഞളാംകുഴി അലി | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | മെഡിക്കൽ എഞ്ചിനീയറിംഗ് ഉൾപ്പെടെയുള്ള എൻട്രൻസ് പരിശീലന കേന്ദ്രങ്ങൾ, സിവിൽ സർവ്വീസ് പരിശീലന കേന്ദ്രങ്ങൾ, ജോലിക്കായുള്ള മത്സര പരീക്ഷ പരിശീലന കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ കോളേജ് അദ്ധ്യാപകർ വ്യാപകമായി സ്വകാര്യ ട്യൂഷനിൽ ഏർപ്പെട്ടുന്നതായ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ചില കോളേജ് അദ്ധ്യാപകർ സ്വകാര്യ ട്യൂഷനിൽ ഏർപ്പെട്ടുന്നതായ പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാതികൾ പരിശോധിച്ച് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | കോളേജ് അദ്ധ്യാപകർക്ക് സ്വകാര്യ ട്യൂഷനെടുക്കുന്നതിന് അനുമതിയുണ്ടോ; ഇല്ലെങ്കിൽ ഇവരെ കണ്ടെത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഇല്ല ; കോളേജ് അദ്ധ്യാപകർ ഉൾപ്പെടെയുള്ള സർക്കാർ ജീവനക്കാർ സ്വകാര്യ ട്യൂഷൻ സ്ഥാപനങ്ങൾ നടത്തുന്നതിനും ക്ലാസ്സുകൾ എടുക്കുന്നതിനുമെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് സർക്കാർ കർശന നിർദ്ദേശം നല്കിയിട്ടുണ്ട്. സർക്കാർ/എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപകർ സ്വകാര്യ ട്യൂഷനിൽ ഏർപ്പെടുന്നുണ്ടോ എന്ന് പരിശോധിച്ച് ഓരോ മാസവും സർക്കാർ കോളേജ് പ്രിൻസിപ്പാൾമാർ കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കും, എയ്ഡഡ് കോളേജ് പ്രിൻസിപ്പാൾമാർ അതാത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും ഡെപ്യൂട്ടി ഡയറക്ടർമാർ അത് വിലയിരുത്തി ഓരോ മൂന്ന് മാസം കൂടുംതോറും കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കും റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിർദ്ദേശം നല്കികൊണ്ട് കോളേജ് വിദ്യാഭ്യാസ ഡയറക്ടറും വിശദമായ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | സ്വകാര്യ ട്യൂഷനിൽ ഏർപ്പെടുന്ന കോളേജ് അധ്യാപകർക്കെതിരെ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പരാതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്തു നടപടി സ്വീകരിച്ചു; വിശദമാക്കാമോ? | (സി) | സ്വകാര്യ ട്യൂഷനിൽ ഏർപ്പെടുന്ന കോളേജ് അധ്യാപകർക്കെതിരെ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ കോളേജ് വിദ്യാഭ്യാസ വകുപ്പുതല വിജിലൻസ് സെല്ലിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും സർക്കാർ/ |

| | | | |
|---|---|---|---|
| | | | എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപകർ സ്വകാര്യ ട്യൂഷൻ എടുക്കുന്നതായി ശ്രദ്ധയിൽപ്പെടുന്നപക്ഷം കർശന അച്ചടക്കനടപടികൾ ഉൾപ്പെടെ സ്വീകരിക്കുന്നതിനുമുള്ള സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ വിശദമായ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ